# എ എം എൽ പി സ്കൂൾ
# തിരുന്നാവായ






# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

## എ.എം.എൽ.പി.എസ്.
## തിരുന്നാവായ



# ACADEMIC MASTER PLAN 2025-26

AMLPS THIRUNAVAYA





# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രൊജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് എ.എം.എൽ.പി സ്കൂൾ തിരുന്നാവായ. പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്ത് പകരാൻ ഏറെ സഹായകമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവം സമർപ്പിക്കട്ടെ.

ഹെഡ്മാസ്റ്റർ | പി ടി എ പ്രസിഡന്റ് | എം ടി എ പ്രസിഡന്റ്

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് : | എ എം എൽ പി എസ് തിരുന്നാവായ |
| മേൽവിലാസം: | തിരുന്നാവായ (പി ഒ), താഴത്തറ, |
| | ഫോൺ നമ്പർ : 9446930904 |
| സ്കൂൾ കോഡ് : | 19766 |
| ഉപജില്ല : | തിരൂർ |
| വിദ്യാഭ്യാസ ജില്ല: | തിരൂർ |
| റവന്യൂ ജില്ല: | മലപ്പുറം |
| സി ആർ സി : | എടക്കുളം |
| ബി.ആർ.സി : | തിരൂർ |
| ഗ്രാമപഞ്ചായത്ത് : | തിരുന്നാവായ |
| ബ്ലോക്ക് പഞ്ചായത്ത് : | തിരൂർ |
| ജില്ലാ പഞ്ചായത്ത് : | മലപ്പുറം |
| നിയമസഭാ മണ്ഡലം : | തിരൂർ |
| ലോക സഭാ മണ്ഡലം : | പൊന്നാനി |
| താലൂക്ക് : | തിരൂർ |
| വില്ലേജ് : | തിരുന്നാവായ |
| ഇ-മെയിൽ വിലാസം: | amlps.ta@gmail.com |

# സ്കൂൾ ചരിത്രം : എ.എം.എൽ.പി.എസ് തിരുന്നാവായ

ചരിത്ര പ്രസിദ്ധമായ തിരുന്നാവായയിൽ നിളയുടെ തീരത്ത് വിദ്യയുടെ വിളക്കുമാടമായി എട്ട് പതിറ്റാ ിലേറെയായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് തിരുന്നാവായ എ.എം.എൽ.പി സ്കൂൾ. ബ്രിട്ടീഷ് ഭരണകാലത്ത് പിന്നോക്ക മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് മത, ഭൗതിക വിദ്യാഭ്യാസം വിലക്കേർപ്പെടുത്തിയപ്പോൾ മഹാനായ മുത്താണിക്കാട്ട് മുഹമ്മദ് മാസ്റ്റർ സ്വന്തം സ്വത്തിൽ നിന്നും ഒരംശം നീക്കിവെച്ച് അല്ലൂർ, വൈരങ്കോട്, തവനൂർ, പാഴൂർ കൊളത്തോള, അതളൂർ, തിരുന്നാവായ ഉൾപ്പെടെ വിവിധ നാടുകളിലായി എട്ട് വിദ്യാലയങ്ങൾ സ്ഥാപിച്ചു.

ഇതിൽ തിരുന്നാവായ സ്കൂൾ ഒഴികെ മറ്റെല്ലാ സ്ഥാപനങ്ങളും ഓരോരുത്തർക്കായി അദ്ദേഹം ദാനമായി നൽകി. ഇന്ന് അവയെല്ലാം വിവിധ മാനേജ്മെന്റുകൾക്ക് കീഴിലായി നല്ല നിലയിൽ പ്രവർത്തിച്ച് കൊ ിരിക്കുന്നു. മതപഠന സൗകര്യം ഉൾപ്പെടുത്തി ഓത്തുപള്ളികളായിട്ടാണ് അന്ന് ഇവയെല്ലാം തുടക്കം കുറിച്ചത്. പിന്നീട് ഇതെല്ലാം മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ അനുമതിയോടെ ഡി.ഇ.ഒ. മാർ സ്കൂളുകളായി അംഗീകാരം നൽകി. ഇതിൽ 1941 ൽ അംഗീകാരം ലഭിച്ച വിദ്യാലയമാണ് തിരുന്നാവായ എ.എം.എൽ.പി സ്കൂൾ. ആദ്യം എടക്കുളത്തും പിന്നീട് തിരുന്നാവായ പാമ്പാലിൽ മൊയ്തീൻ കുട്ടി എന്ന ബാപ്പു സാഹിബിന്റെ കെട്ടിടത്തിലും (കടവിനടുത്ത്) പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം 1950 കാലത്താണ് ഇന്ന് കാണുന്ന താഴത്തറയിലെ ഹൈസ്കൂളിന് സമീപം സ്വന്തം കെട്ടിടത്തിലേക്ക് പ്രവർത്തനം മാറുന്നത്. (ഇത് തിരുന്നാവായ പാമ്പാലിൽ മൊയ്തീൻ കുട്ടി എന്ന ബാപ്പു സാഹിബിൽ നിന്നും തുച്ഛം വിലയ്ക്കു ലഭിച്ച സ്ഥലമാണ്) ആദ്യ കാലത്ത് ഇവിടെ സ്കൂൾ ഓല ഷെഡിലാണ് പ്രവർത്തിച്ചിരുന്നത്. 1952 ൽ ഓട് മേഞ്ഞ കെട്ടിടം സ്ഥാപിച്ചു. സമൂഹത്തിലെ നാനാ തുറകളിൽപെട്ട പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസമില്ലാതെ ജാതി, മത, വർഗ ഭേദമന്യേ പതിനായിരത്തോളം വിദ്യാർത്ഥികളാണ് അറിവിന്റെ ആദ്യാക്ഷരം കുറിക്കാൻ വിവിധ കാലങ്ങളിലായി ഇവിടെ എത്തിയത്. സ്ഥാപകനായ ആദരണീയനും ബഹുമാന്യനുമായ എം. മുഹമ്മദ് മാസ്റ്റർ, എം. ഹംസ മാസ്റ്റർ,

സി.പി. കുഞ്ഞിപ്പാത്തുട്ടി ടീച്ചർ എന്നിവർ ഈ സ്ഥാപനത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കുമായി അഹോരാത്രം കഷ്ടപ്പെട്ടത് ഓർക്കാതെ വയ്യ. സ്കൂളിലെ അധ്യാപകരെയുംവിദ്യാർഥികളെയും കുടുംബത്തിലെ അംഗങ്ങളെപ്പോലെയാണ് ഇവർ കണ്ടിരുന്നത്.

സ്കൂൾ മാനേജ്മെന്റും പി.ടി.എ യും ഓരോ വർഷവും സ്ഥാപന പുരോഗതിക്കായി ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു. 2008- 09 അധ്യയന വർഷത്തിൽ സ്കൂളിൽ കമ്പ്യൂട്ടർ പഠനം ആരംഭിച്ചു. 2010-11 ൽ സ് കൂളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ പ്രവർത്തനം ആരംഭിച്ചു. ഈ വർഷം തന്നെ സ്കൂളിൽ സ്വന്തമായി വാഹന സൗകര്യം (ബസ്) തുടങ്ങി.

2012-13 ൽ ചിൽഡ്രൻസ് പാർക്ക് സ്ഥാപിച്ചു. 2014-15 വർഷത്തിൽ കേന്ദ്ര ഫണ്ടുപയോഗിച്ച് സൗകര്യപ്രദമായ കിച്ചൺ സ്ഥാപിച്ചു. ഇതിൽ തികയാത്ത സംഖ്യ മാനേജ്മെന്റ് വഹിച്ചു. ഇതേ വർഷം തന്നെ ചങ്ങനാളി ഉമ്മർ ഗുരിക്കളുടെ സഹായത്താൽ സ്കൂളിൽ ഓപ്പൺ സ്റ്റേജ് സ്ഥാപിച്ചു. ഇത് പുതിയ കെട്ടിട നിർമാണ സമയത്ത് സ്ഥലപരിമിതി കാരണം പൊളിച്ച് നീക്കി. 2022 ജൂലൈ 16 എട്ട് ക്ലാസ് റൂമുകളുള്ള ഇരു നില കെട്ടിടം ഉദ്ഘാടനം ചെയ്തു. ഇതോടൊപ്പം ബിഗ് സ്ക്രീനോട് കൂടിയ സ്മാർട്ട് ക്ലാസ് റൂം തുടങ്ങി. 50 ലക്ഷത്തിലധികം സംഖ്യ ചെലവഴിച്ച് മാനേജ്മെന്റ് പുതിയ കെട്ടിടം നിർമിച്ചെങ്കിലും ഇതിലേക്ക് ആവശ്യമായ മാർബിൾ, ബിഗ് സ്ക്രീൻ, ഫർണിച്ചറുകൾ, സൗണ്ട് സിസ്റ്റം ഉൾപ്പെടെയുള്ളവയുടെ ചെലവ് പി.ടി.എ അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ എന്നിവരാണ് വഹിച്ചിട്ടുള്ളത്. 2022 ൽ സ്കൂളിൽ നഴ്സറി ക്ലാസുകൾക്ക് തുടക്കമായി. കൂടാതെ കുട്ടികളുടെ യാത്ര സൗകര്യം മെച്ചപ്പെടുത്താൻ രണ്ടാമതൊരു ബസ് ഇതേ വർഷം അധ്യാപകരുടെ സഹായത്താൽ സ്കൂളിന് വാങ്ങി. സ്കൂളിലെ പഠന പ്രവർത്തനങ്ങളിൽ മികച്ച നേട്ടങ്ങൾ കാഴ്ച്ച വെക്കുന്ന വിദ്യാർത്ഥിക്കുള്ള സ്കോളർഷിപ്പ് പൂർവ വിദ്യാർത്ഥി പേരൊഴി ഷാജി മാസ്റ്റർ അവരുടെ അമ്മയുടെ സ്മരണാർത്ഥം 2022 -23 വർഷത്തിൽ തുടക്കമായി.2023 ൽ പി.ടി.എ സ്വന്തം നിലയ്ക്ക് വാട്ടർ കൂളർ സ്ഥാപിച്ചു. 2023-24 വർഷത്തിൽ സ്കൂളിന് സ്വന്തമായി യൂട്യൂബ് ചാനൽ തുടങ്ങി. പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങളിൽ എന്നും മികച്ച പ്രകടനം കാഴ്ച വെക്കുന്ന ഈ വിദ്യാലയത്തിന് മാനേജർ എം.അബ്ദുൽ ഖാദർ, ഹെഡ്മാസ്റ്റർ ഷെറി കെ തോലത്ത്, പി.ടി.എ എന്നിവരാണ് ഇന്ന് നേതൃത്വം നൽകുന്നത്.

# സ്കൂളിന്റെ നേട്ടങ്ങൾ

- ❖ തുടർച്ചയായി LSS പരീക്ഷയിൽ മികച്ച വിജയം
- ❖ പല മത്സര പരീക്ഷകളിലും ഉന്നത നേട്ടം
- ❖ തുടർച്ചയായി കലാ മത്സരത്തിൽ പഞ്ചായത്ത് തലത്തിൽ ഒന്നാം സ്ഥാനം
  സബ്ജില്ലാ തലത്തിൽ മികച്ച നേട്ടം
- ❖ പഞ്ചായത്ത് കായിക മത്സരത്തിൽ ഒന്നാം സ്ഥാനം
- ❖ സ്കൂൾ തയ്യാറാക്കിയ പ്രാദേശിക പഠനത്തിനും അധിനിവേശ സസ്യങ്ങളുടെ പഠനത്തിനും സർക്കാറിൽ നിന്ന് അംഗീകാരം
- ❖ നാഷണൽ മൈനോരിറ്റി കമ്മീഷന്റെ അംഗീകാരം
- ❖ സ്കൂളിലെ പഠനപ്രവർത്തനങ്ങളിൽ മികച്ച നേട്ടങ്ങൾ കാഴ്ച്ച വെക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്ക്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, തുടങ്ങിയവ ആധുനികവത്ക്കരിക്കും.
7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./ കോർണർ പി.ടി.എ.കൾ എന്നിവ ചേരും.
8. ഒന്നാം ക്ലാസ്സ് മുതൽ 4 -ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
9. 'വിദ്യാലയ ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
11. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.
12. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
13. ഹരിതസേന രൂപീകരിക്കൽ
14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
15. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>• ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം<br>• മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.<br>• 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് <u>അമ്മയുമൊത്തു</u> എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br>• സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>• കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.<br>• IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് .സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .കെ-ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല . |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യത കളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക .
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

## മലയാളം

പ്രവർത്തനം 1

**പേര് : അസംബ്ലി & മാസ്ഡ്രിൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പൊതുവിജ്ഞാനം വളർത്തൽ,<br><br>ആരോഗ്യകരമായ വ്യായാമ ശീലങ്ങൾ പരിചയപ്പെടുത്തൽ | ദിവസവും അസംബ്ലി . ആഴ്ചയിൽ ഒരു ദിവസം മാസ്ഡ്രിൽ.<br><br>ഒരു ദിനം ഒരറിവ് ദിവസവും ഒരു പൊതുവിജ്ഞാന ചോദ്യം അസംബ്ലിയിൽ ചോദിക്കുന്നു. കുട്ടികൾ ഉത്തരം<br><br>കണ്ടെത്തി വരുന്നു. 2 മാസത്തിൽ ഒരു ക്വിസ് മത്സരം. | എല്ലാ ദിവസവും / ആഴ്ചയിൽ / മാസത്തിൽ | SRG | |

പ്രവർത്തനം 2

**പേര് : എന്റെ പിറന്നാൾ പുസ്തകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 3

പേര് : ഉച്ചഭാഷിണി വായന, റേഡിയോ വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടി കൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന, റേഡിയോ ആഴ്ചയിൽ ഓരോ വിഷയവുമായി ബന്ധപ്പെട്ട് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 4

പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | എല്ലാ മാസവും | സ്കൂൾ ലൈബ്രറി കമ്മറ്റി | |

പ്രവർത്തനം 5

പേര് : മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG, ക്ലാസ് ടീച്ചർ | |

പ്രവർത്തനം 6

പേര് : എഴുതാം തെളിയാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | എല്ലാ മാസവും | SRG, ക്ലാസ് ടീച്ചർ | |

പ്രവർത്തനം 7

പേര് : എഴുത്തുകാരുമായി സംവദിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 8

പേര് : ക്ലാസ്സ് തല പതിപ്പുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 9

പേര് : എന്റെ വായനാ കുറിപ്പുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്ത രാക്കുക | വായിച്ച പുസ് തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. മാസം 1 പുസ്തകം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 10

പേര് : വായിക്കാം വളരാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ, SRG, CPTA | |

പ്രവർത്തനം 11

പേര് : രചനോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | |

പ്രവർത്തനം 12

പേര് : സർഗ്ഗവേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ് തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | | | |

**പ്രവർത്തനം 13**

**പേര് : കാവ്യോത്സവം, കാവ്യാവിഷ്കാരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വ്യക്തതയോടെയും ഒഴുക്കോടെയും അക്ഷരസ്ഫുടതയോടെയും താള ബോധത്തോടെ കവിതകൾ പാട്ടുകൾ എന്നിവ ചൊല്ലാൻ കഴിയുന്നു. | താള വൈവിധ്യമുള്ള പാട്ടുകൾ ,കവിതകൾ എന്നിവ ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗിച്ച് വ്യക്തിഗതമായും സംഘമായും ചൊല്ലിയ അവതരിപ്പിക്കുന്നു. കവിത അഭിനയത്തിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 14**

**പേര് : സർഗാത്മക ഡയറി രചന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അനുഭവങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളായി സർഗാത്മകഥയോടെ എഴുതാൻ കഴിയുന്നു | ചിത്രങ്ങൾ, എഴുത്ത് ലേഖനം, വർണ്ണന ആസ്വാദനക്കുറിപ്പ് എന്നിവയിലൂടെ കുട്ടിക്ക് സർഗാത്മകത മെച്ചപ്പെടുത്താൻ അവസരം സൃഷ്ടിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 15

പേര് : റീഡേഴ്സ് തീയറ്റർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു. പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു. ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു | കഥാസന്ദർഭങ്ങളെ സ്ക്രിപ്റ്റ് രൂപത്തിലാക്കി കഥാപാത്രങ്ങളുടെ ഭാവം ഉൾക്കൊ- വായിച്ച് അവതരിപ്പിക്കുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 16

പേര് : പാട്ടരങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാന കവിതകൾ ഈണത്തിലും ഭാവത്തിലും ഒറ്റക്കും സംഘമായും അവതരിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റൊരു സമാന കവിതകളും ഈണം നൽകി ഭാവാത്മകമായ അവതരിപ്പിക്കുന്നു. കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റക്കും സംഘമായും | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ആവിഷ്കരിക്കുകയും ചെയ്യുന്നു. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു. ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവമാകുന്നു. | | | |

**പ്രവർത്തനം 17**

**പേര് : ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലേക്ക് താൽപ്പര്യം വളർത്തൽ. | കുട്ടികളെ അവരവരുടെ പഠനനിലവാരത്തിനനുസരിച്ച് പദച്ചങ്ങല, പദനീട്ടം , പദസൂര്യൻ, പദനിർമ്മാണം എന്നിവ നൽകുന്നു.. ഉയർന്ന നിലവാരക്കാർക്ക് പുസ്തകം വായിച്ചു വായനക്കുറിപ്പ് തയ്യാറാക്കി കഥയുടെ ബാക്കിയെഴുതൽ ,വരികൾ കൂട്ടിച്ചേർത്ത് ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ , ജൂലൈ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 18

പേര് : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുന്നു. | ചിത്ര വായന, വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കൽ, വായനാമൂല ഒരുക്കൽ, പത്രവായന, വായന കാർഡ് തയ്യാറാക്കൽ | ജൂൺ , ജൂലൈ | ക്ലാസ് ടീച്ചർ, ലൈബ്രറി | |

# ഇംഗ്ലീഷ്

**പ്രവർത്തനം :** 1
**പേര്** : ഇംഗ്ലീഷ് അസംബ്ലി
**ഉപമേഖല** : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം :** 2
**പേര്** : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
**ഉപമേഖല** : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
**ഉപമേഖല** : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : Reading Card Work Shop
ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം : 5
പേര് : Work Sheet Work Shop
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ.ജി. | 4000 |

പ്രവർത്തനം 6

പേര് : **Speech Bubble**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| Leaners can able to write the dialogues of characters within a bubble and read it with suitable emotions. | Leaners will provide by a story incident and ask them to write dialogues suitable to that situation. | June to March | Class Teacher | |

പ്രവർത്തനം 7

പേര് : **Class Magazine**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| To write English without any mistakes. | Prepare class magazine, Mini Dictionary. | June to March | Class Teacher | |

പ്രവർത്തനം 8

പേര് : **Reading Skills and Writing Skills**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| To Read and write English without any mistakes. | Reading breaking news, Find words from reading materials, Rhyming words, Describing words from TB<br>Make word web and Picture Description. | Every Term | Class Teacher | 1000 |

# ഗണിതം

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ മാസത്തിൽ രണ്ട് | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിതലാബ് സജ്ജീകരിക്കൽ | | PTA സ്കൂൾ മാനേജ്മെന്റ് | 15000 |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക | ഗണിതമൂല മുഴുവൻ ക്ലാസിലും ഗണിതമൂല ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, ഈർക്കിൽ കെട്ട്...) | ജൂലൈ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 4**

**പേര് : യൂണിറ്റ് വിലയിരുത്തൽ**

**ഉപമേഖല : യൂണിറ്റ് ടെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 5**

**പേര് : ഗണിതക്ലാസ് പി. ടി. എ.**

**ഉപമേഖല : സി. പി. ടി. എ ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 6**

**പേര് : ഗണിതം മധുരം**

**ഉപമേഖല : ഗണിത കേളി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം 7**

**പേര് : ഒറിഗാമി**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഗണിതശാസ്ത്ര പഠനം രസകരമാക്കുന്നതോടൊപ്പം കരചലനശേഷി വികാസവും | ഒറിഗാമി ശില്പശാല, ഒറിഗാമി രൂപങ്ങളുടെ നിർമ്മാണ വർക്ക് ഷോപ്പ് , പ്രദർശനം എന്നിവ ഒരുക്കുന്നു | ജൂൺ , ജൂലൈ | ക്ലാസ് ടീച്ചർ | 2000 |

# പരിസര പഠനം

**പ്രവർത്തനം : 1**
**പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല**
**ഉപമേഖല : ലാബ് ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

**പ്രവർത്തനം : 2**
**പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്**
**ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : പരീക്ഷണകിറ്റ്**
**ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

# സാമൂഹികാവബോധം

പ്രവർത്തനം : 1
പേര് : അതിഥിയെ അറിയൽ
ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : പ്രാദേശിക അറിവ്
ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

പ്രവർത്തനം : 3
പേര് : ഫീൽഡ് ട്രിപ്പ്
ഉപമേഖല : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം 4

പേര് : കരകൗശല വസ്തു നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിൻറെ സവിശേഷതകൾ തിരിച്ചറിയുന്നതിന് പ്രാദേശിക തലത്തിൽ വ്യത്യസ്തവും വൈവിധ്യവുമായ നിരവധി നാടൻ നിർമാണ വസ്തുക്കൾ കരകൗശല വസ്തു നിർമ്മാണം / പ്രദർശനം. | ഈ പ്രവർത്തനത്തിൽ മണ്ണ് ഓല / നാര് /തുണികൾ / പേപ്പർ തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് പല നിർമ്മിതികളും ഉണ്ടാക്കുന്നു | ജൂൺ, ജൂലൈ | പിടിഎ, പ്രാദേശിക ക്ലബ്ബുകൾ | |

പ്രവർത്തനം 5

പേര് : പക്ഷി നിരീക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ പ്രദേശത്തുള്ള വിവിധതരം പക്ഷികളെ തിരിച്ചറിയുന്നതിനും അവയുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നതിനും | പ്രകൃതി നടത്തത്തിലൂടെ പക്ഷികളെ നിരീക്ഷിക്കുന്നു കുറിപ്പുകൾ തയ്യാറാക്കുന്നു | ജൂൺ, ജൂലൈ | ക്ലബ്ബുകൾ | |

# അറബിക്

**പ്രവർത്തനം :** 1
**പേര്** : **ലോക ഭാഷ -അറബി ഭാഷ**
**ഉപമേഖല** : **അടിസ്ഥാന ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

**പ്രവർത്തനം :** 2
**പേര്** : **അറബി വായനോത്സവം**
**ഉപമേഖല** : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായനാകുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : **അറബി രചനോത്സവം**
**ഉപമേഖല** : **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000 |

പ്രവർത്തനം 4

പേര് : ആഴ്ചയിൽ ഒരു അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി | നേതൃ, നിയന്ത്രണ പാടവം, അച്ചടക്കം, മറ്റു കുട്ടികളുമായി ഇടപഴകാനുള്ള അവസരം | ആഴ്ചയിൽ ഒരു ദിവസം | SRG | |

പ്രവർത്തനം 5

പേര് : ഉച്ചഭാഷിണി വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാശീലം മെച്ചപ്പെടുത്തുക | അറബിക് വ്യവഹാര രൂപങ്ങളുടെ അവതരണം | എല്ലാ മാസവും | SRG | |

പ്രവർത്തനം 6

പേര് : ക്ലാസ് തല പതിപ്പുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുക, ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ദിനാചരണം, വായന കാർഡ് പതിപ്പ് | എല്ലാ മാസവും | അറബിക് ടീച്ചർ | |

പ്രവർത്തനം 7

പേര് : ഒരു ദിനം ഒരു അറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് വർദ്ധിപ്പിക്കുക | ഒരു ദിവസം അറബിയിലെ ഒരു പദം പരിചയപ്പെടുത്തുന്നു | എല്ലാ ദിവസവും | അറബിക് ടീച്ചർ | |

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

# ദിനാചരണങ്ങൾ

| ദിനാചരണം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ 5<br>ലോകപരിസ്ഥിതി ദിനം | * ആവാസ വ്യവസ്ഥ പരിചയപ്പെടൽ, സംരക്ഷണ പ്രാധാന്യം ബോധ്യപ്പെടൽ<br>* ബോധവൽക്കരണ അസംബ്ലി<br>* എല്ലാ ക്ലാസിലും ജൈവ അജൈവ ബോക്സുകളുടെ സ്ഥാപനം<br>* ചിത്രരചന<br>* ക്വിസ്<br>* പരിസ്ഥിതിസംരക്ഷണ ബാഡ്ജ്<br>* തൈ നടൽ |
| ജൂൺ 19<br>വായനാദിനം | * പി. എൻ പണിക്കർ അനുസ്മരണ അസംബ്ലി<br>* വായനാകുറിപ്പ് തയ്യാറാക്കൽ<br>* പോസ്റ്റർ നിർമാണം<br>* വായനാമത്സരം<br>* വായനാ ചാമ്പ്യൻ<br>* പുസ്തക പ്രദർശനം<br>* വായനാമൂല<br>* ക്വിസ് മത്സരം<br>* എഴുത്തുകാരെ പരിചയപ്പെടൽ<br>* അക്ഷരതൊപ്പി<br>* ബാഡ്ജ്<br>* വായനാ കാർഡ് നിർമാണം<br>*പദകേളി<br>*വായനാ പാട്ട് |
| ജൂലൈ 5<br>ബഷീർ ദിനം | * അനുസ്മരണ അസംബ്ലി<br>* പതിപ്പ്<br>* ബഷീർ കൃതികൾ പരിചയപ്പെടൽ<br>* ബഷീർ രചനകൾ - ദൃശ്യാവിഷ്കാരം<br>* ബഷീർ കഥാപാത്രങ്ങളുടെ പുനരാവിഷ്ക്കാരം<br>* ബഷീർ രചനകൾ - വായനാകുറിപ്പ്<br>* ക്വിസ് |
| ജൂലൈ 21<br>ചാന്ദ്രദിനം | * ചന്ദ്രദിന വീഡിയൊ പ്രദർശനം<br>* ക്വിസ് മത്സരം<br>* പതിപ്പ് നിർമാണം<br>* റോക്കറ്റ് നിർമാണം<br>* റോക്കറ്റ് വിക്ഷേപണം<br>* ചിത്രരചന |

| | |
|---|---|
| ആഗസ്റ്റ് 6, 9<br>ഹിരോഷിമ ദിനം,<br>നാഗസാക്കി ദിനം | * യുദ്ധവിരുദ്ധ പോസ്റ്റർ<br>* പ്രസംഗം-യുദ്ധം വിതയ്ക്കുന്ന നാശങ്ങൾ<br>* ക്വിസ്<br>* സഡാക്കോ കൊക്ക് നിർമാണം<br>* യുദ്ധവിരുദ്ധ സന്ദേശം<br>* യുദ്ധവിരുദ്ധ ബോധവൽക്കരണ ക്ലാസ് |
| ആഗസ്റ്റ് 15<br>സ്വാതന്ത്ര്യദിനം | * പതാക വരയ്ക്കൽ<br>* ക്വിസ്<br>* പ്രത്യേക അസംബ്ലി<br>* പോസ്റ്റർ നിർമാണം<br>* മധുര വിതരണം<br>* ദേശഭക്തി ഗാനാലാപനം<br>* സ്വാതന്ത്ര്യദിന സ്പെഷൽ പതിപ്പ് |
| ആഗസ്റ്റ് 17 (ചിങ്ങം 1 )<br>കർഷകദിനം | * കൃഷിചൊല്ലുകൾ പരിചയപ്പെടൽ<br>* പഴയ കാല കൃഷി ഉപകരണങ്ങൾ ചിത്ര പ്രദർശനം<br>* കർഷകനുമായി അഭിമുഖം<br>* കർഷകനെ ആദരിക്കൽ |